**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2723** **14-09-2023 - ൽ മറുപടിയ്ക്ക്**

**കെ.എഫ്.സി.യുടെ പദ്ധതികൾ കൂടുതൽ മികവുറ്റതാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടാൻ കെ.എഫ്.സി.യുടെ പ്രവർത്തന പദ്ധതികൾക്ക് സാധിച്ചിട്ടുണ്ടോ; കെ.എഫ്.സി.യ്ക്ക് ലാഭം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനടിസ്ഥാനമായി കോർപ്പറേഷൻ നടത്തിയ പ്രവർത്തനങ്ങളുടെയും പദ്ധതികളുടെയും വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വ്യാവസായിക, തൊഴിൽ മേഖലകളുടെ വളർച്ചയ്ക്ക് ആക്കം കൂട്ടാൻ കെ.എഫ്.സി. യ്ക്ക് സാധിച്ചിട്ടുണ്ട്.<br><br>കെ.എഫ്.സി. യ്ക്ക് ലാഭം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 13.20 കോടി രൂപയായിരുന്ന ലാഭം 2022-23 സാമ്പത്തിക വർഷം 50.19 കോടി രൂപയായി വർദ്ധിച്ചു.ഇതിനായി കെ.എഫ്.സി നടത്തിയ പ്രവർത്തനങ്ങളും പദ്ധതികളും താഴെ പറയുന്നു.<br><br>1.മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതി (സി.എം.ഇ.ഡി.പി) പ്രകാരം ചെറുകിട ഇടത്തരം സംരംഭകർക്ക് 2 കോടി രൂപ 5% പലിശ നിരക്കിൽ വായ്പ നൽകുന്നു. ഈ പദ്ധതിയിലൂടെ 37575 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>2.സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽ നിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇത് കൂടാതെ സ്റ്റാർട്ടപ്പുകൾക്ക്, പർച്ചേയ്സ്ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയുംനൽകുന്നുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>3.കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രോസ്റ്റാർട്ടപ്പുകളെയും |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. ആരംഭിച്ച സ്കീമാണ് കാർഷിക അധിഷ്ഠിത എംഎസ്എംഇ ലോൺ സ്കീം (KAMS) 3% സംസ്ഥാന സർക്കാർ സബ്സിഡിയോടെ 6% പലിശ നിരക്കിൽ 10 കോടി രൂപ വരെ ഈ പദ്ധതിയിലൂടെ വായ്പയായി ലഭിക്കുന്നു. ഈ പദ്ധതിയിലൂടെ 345 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിനും കെ.എഫ്.സി. സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; പുതിയ വായ്പാപദ്ധതികൾ നടപ്പാക്കുന്നതിനും നിലവിലുള്ള പദ്ധതികൾ കൂടുതൽ മികവുറ്റതാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളതിനെ വിപുലീകരിക്കുവാനും ആവശ്യമായ നിരവധി വായ്പ പദ്ധതികൾ കെ.എഫ്.സി. ല്യുണ്ട്. MSME യൂണിറ്റുകൾക്ക് ദീർഘകാല വായ്പയും പ്രവർത്തന മൂലധന വായ്പയും നൽകിവരുന്നു. മുഖ്യമന്ത്രിയുടെ സംരംഭകത്വ പദ്ധതി, സ്റ്റാർട്ടപ്പ് പദ്ധതി തുടങ്ങിയ പദ്ധതികൾ മുഖാന്തിരം കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി വരുന്നു. കൂടാതെ വ്യവസായ പാർക്കുകളിൽ (ഇൻഡസ്ട്രീയൽ എസ്റ്റേറ്റുകളിൽ) ഉള്ള സംരംഭങ്ങൾക്ക് അധിക കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ വായ്പ അനുവദിക്കുന്നുണ്ട്. കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ആഗ്രോബെയ്സ്ഡ് എം.എസ്.എം.ഇ വായ്പ സ്കീം (KAMS) നടപ്പിലാക്കുകയുണ്ടായി. ഈ പദ്ധതിയിൽ 10 കോടി രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 3% പലിശ സബ്സിഡി ഉൾപ്പെടെ 6% നിരക്കിൽ അനുവദിക്കുന്നു. |
| (സി) | രാജ്യത്തെ ഏറ്റവും മികച്ച ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനമാക്കി കെ.എഫ്.സി.യെ മാറ്റാനുതകുന്ന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശം നൽകുമോ? | (സി) | നിലവിൽ കെ.എഫ്.സി യുടെ വായ്പാ ആസ്തി 6500 കോടി രൂപയാണ്. 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ 200 കോടി രൂപയുടെ ഓഹരി മൂലധനം നൽകിയതോടെ കെ.എഫ്.സി. യുടെ മൂലധന പര്യാപ്തത അനുപാതം (CAR) കഴിഞ്ഞ വർഷത്തെ 22.41% ൽ നിന്ന് 25.58% ആയി മെച്ചപ്പെട്ടു. 2022-23 സാമ്പത്തിക വർഷത്തിൽ കെ.എഫ്.സി. യുടെ അറ്റാദായം മുൻ സാമ്പത്തിക വർഷത്തിലേത്(2021-22) ആയ 13.19 കോടി രൂപയിൽ നിന്ന് ഉയർന്ന് 50.18 കോടി രൂപയിൽ എത്തി ചേർന്നു (വാർഷിക വളർച്ച 280.26%). മൊത്ത നിഷ്ക്രിയ ആസ്തി മുൻവർഷത്തെ (2022 മാർച്ച് 31) 3.27 ശതമാനത്തിൽ നിന്ന് 3.11 ശതമാനമായി കുറയുകയും, കൂടാതെ അറ്റ നിഷ്ക്രിയ ആസ്തി കഴിഞ്ഞ വർഷത്തെ (2022 മാർച്ച് 31) 1.28 ശതമാനത്തിൽ നിന്ന് 0.74 ശതമാനമായി മാറുകയും ചെയ്തു.<br><br>കെ.എഫ്.സി. യുടെ നിലവിലെ വായ്പാ ആസ്തിയെ വിപുലീകരിച്ച് 2025 ഓടെ 10,000 കോടി രൂപയായി |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള കെ.എഫ്.സി. ശാഖകളെ എം എസ് എം ഇ ക്രെഡിറ്റ് ശാഖകളാക്കി മാറ്റുകയും 10 കോടി രൂപ വരെയുള്ള വായ്പകൾ ഇത്തരം ശാഖകളിലൂടെയും, 10 കോടി രൂപയ്ക്ക് മുകളിലുള്ള വലിയ വായ്പകൾ നൽകുന്നതിനായി പ്രത്യേക ക്രെഡിറ്റ് ശാഖകൾ ആരംഭിക്കുകയും ചെയ്തു. വായ്പകൾ തിരിച്ചുപിടിക്കുന്നതിനായി പ്രത്യേക അസറ്റ് റിക്കവറി ശാഖകൾ ആരംഭിച്ചു. കൂടാതെ സംരംഭകന് കെ.എഫ്.സി. ശാഖകൾ സന്ദർശിക്കാതെ തന്നെ ഓൺലൈൻ വഴി വായ്പകൾക്ക് അപേക്ഷിക്കാനും, തുടർ നടപടികൾ ഓൺലൈൻ വഴി നടത്താനുമുള്ള സൗകര്യവും നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ